# സ്ത്രീകളുടെ തലമുടി, മുഖരോമ പരിപാലനം - വിധി വിലക്കുകൾ

[ Malayalam - മലയാളം - مليالم ]

﴿ قصّ النساء لشعورهن وإزالة شعر الوجه ﴾


ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ്

الشيخ محمد صالح المنجد

http:// www.islam-qa.com

വിവർത്തനം: സുമയ്യ മനാഫ് അരീക്കോട്

ترجمة / سمية مناف اريكود



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1432 – 2011

بسم الله الرحمن الرحيم

**ചോദ്യം:** 'മുസ്ലിം വനിത' എന്ന വിഷയ സംബന്ധമായി ഒരു പ്രോജക്റ്റിന്റെ പണിപ്പുരയിലാണ് ഞാൻ. ഇതിലേക്കായി മുസ്ലിം വനിതകളുടെ ശിരസ്സിലെ മുടിയുടെ പരിപാലനത്തെകുറിച്ചും, അവയുടെ മുറിച്ചു മാറ്റൽ, രൂപപ്പെടുത്തൽ എന്നിവയെക്കുറിച്ചുമു ള്ള ഇസ്ലാമിക വിധി വിലക്കുകളെ കുറിച്ചറിയാൻ താത്പര്യപ്പെടുന്നു. 'അവൾക്ക് തോളൊപ്പം മുടി മുറിച്ചിടുവാൻ പാടുണ്ടോ? ഇല്ലേ? മുഖരോമങ്ങളെക്കുറിച്ചുള്ള ആധികാരിക നിയമങ്ങൾ എന്താണ്? ഇത് നീക്കം ചെയ്യുന്നത് നിഷിദ്ധമാണോ അല്ലയോ? ദയവായി ഉത്തരം നൽകുക. എന്റെ ഈമാൻ വർദ്ധിക്കാനായി പ്രാർത്ഥിക്കാനും അപേക്ഷിക്കുന്നു..

**ഉത്തരം:**

അല്ലാഹുവിനു സ്തുതി.

താങ്കളുടെ ഈമാൻ വർദ്ധിപ്പിച്ചു തരുവാനും താങ്കൾക്ക് ഹൃദയ വിശാലത ഉണ്ടാക്കുവാനും ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.

.താങ്കളുടെ ചോദ്യം രണ്ട് വസ്തുതകൾ ഉൾക്കൊള്ളുന്നു.

1. **സ്ത്രീയുടെ മുടി മുറിക്കലിനെ സംബന്ധിച്ച വിധിവിലക്കുകൾ.**

ശൈഖ് ഇബ്നു ബാസ് (ﷺ) പ്രസ്താവിക്കുന്നു.''സത്യവിശ്വാസിനിയെ മുടി മുറക്കലിൽ നിന്നും പിന്തിരിപ്പിക്കുന്ന ഒന്നും തന്നെയുള്ളതായി ഞാനറിയില്ല. എന്തെന്നാൽ നിരോധിക്കപ്പെട്ടത് തല മുണ്ഡനം ചെയ്യുന്നതാണ്.''നീ നിന്റെ ശിരസ്സ് മുണ്ഡനം ചെയ്യരുത്, പക്ഷെ അതിന്റെ നീളത്തിൽ നിന്ന് ചുരുക്കുകയോ ഘനത്തിൽ നിന്ന് കുറയ്ക്കുകയോ ആവാം. അതിൽ നിഷിദ്ധമായി ഒന്നും

തന്നെയുള്ളതായി അറിവായിട്ടില്ല. പക്ഷെ അത് അനുവദനീയമാക്കപ്പെട്ട രീതിയിലും അവൾക്കും അവളുടെ ഇണക്കും സംതൃപ്തി നൽകുന്ന വിധത്തിലുമായിരിക്കണം. അത് ഇണയുടെ അറിവോടെയും സമ്മതത്തോടെയും അവിശ്വാസിനിയുടെ രീതികളിൽ നിന്നും വ്യതിചലിച്ചതുമായിരിക്കണം. ആയതിനാൽ ഒരു വിശ്വാസിനിയുടെ മുടി പതിവിൽ കവിഞ്ഞ നീളം കൂടിയതാണെങ്കിലും, അതിന്റെ ഉൾക്കനം വർദ്ധിക്കുകയാണങ്കിലും അവൾക്ക് അതിലേക്ക് ആവശ്യമായത് സ്വീകരിക്കാം. അത് വൃത്തിയാക്കാനും ചീകാനും വിഷമമുണ്ടാക്കും. മുടിയെ സുന്ദരമാക്കുകയും തത്സമയം ഇണയെ പ്രീണിപ്പിക്കുന്നതുമായിരിക്കണം. ആയതിനാൽ ശിരസ്സിലെ മുടിയുടെ ആകൃതിയിൽ രൂപമാറ്റം വരുത്തുന്നതോ ഉൾക്കനം കുറയ്ക്കുന്നതോ വിധിവിലക്കുകൾക്കെതിരല്ല. പക്ഷെ ശിരസ്സ് മുണ്ഡനം ചെയ്യുന്നത് അനിസ്ലാമികമാണ്. രോഗാവസ്ഥയിലൊഴികെ. 'അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നു. അവനത്രെ ഉത്തമൻ'. (ഫത്താവാ അൽ മർഉൽ മുസ്ലിമ ഭാഗം 2 പേജ്. 515 കാണുക.)

സഹീഹ് മുസ്ലിമിൽ ഇങ്ങനെ ഉദ്ധരിക്കുന്നു. അബൂസൽമാ ഇബ്നു അബ്ദു റഹിമാൻ പറഞ്ഞു. പ്രവാചകൻ(ﷺ)യുടെ പത്നിമാർ അവരുടെ മുടി അവരുടെ ചെവികൾക്ക് താഴെ എത്തുമ്പോൾ മുറിച്ച് കളയാറുണ്ടായിരുന്നു. (അൽ–ഹയ്ദ് 320)

ഇമാം നവവിയുടെ അഭിപ്രായം: ഈ (മുകളിൽ പ്രതിപാദിക്കപ്പെട്ട) ഹദീസ് സ്ത്രീയെ അതിൽ നിന്നും വിലക്കുന്നില്ല. അവൾക്ക് മുടി മുറിക്കാൻ അനുവാദം നൽകുന്നുണ്ട്.

എന്നാൽ സത്യവിശ്വാസിനി ഒരിക്കലും അവിശ്വാസിനികളുടെയോ സദാചാരം ലംഘിച്ച് ജീവിക്കുന്നവരുടെയോ രീതി അനുകരിക്കുന്നത് നിഷിദ്ധമാണെന്ന് പണ്ഡിതന്മാർ രേഖപ്പെടുത്തുന്നുണ്ട്. ശൈഖ് സ്വാലിഹ് അൽ ഫൗസാൻ പറയുന്നു. "ഒരു സ്ത്രീക്ക് അവളുടെ പുറകിലെ മുടി കഷ്ണിക്കുകയും വശങ്ങളിലെ മുടി വളർത്തി നീട്ടിയിടുന്നതും അഭികാമ്യമല്ല. കാരണം ഇതവളുടെ ബാഹ്യഭംഗിയെ പോറലേൽപ്പിക്കുകയും മുടിയിൽ വിഡ്ഢി വേഷം വരുത്തുന്നതിന് കാരണമാകുകയും ചെയ്യുന്നു. അവിശ്വാസിനികളുടെ പേരിലുള്ള 'മുടി മുറക്കലിനും.,ഉദാ:–'ഡയാന സ്റ്റൈൽ',

'മൗസ് കട്ട്, ലയൻ കട്ട്' തുടങ്ങിയ മൃഗത്തിന്റെ സ്റ്റൈൽ' എന്നിവക്കും ഈ നിരോധനം ബാധകമാണ്. കാരണം സത്രീ അവിശ്വാസികളുടെ വേഷവിധാനങ്ങളെയും മൃഗങ്ങളെയും അനുകരിക്കൽ ഹറാമായത് കൊണ്ടും അവളുടെ ബാഹ്യഭംഗിയിൽ സ്വാധീനം ചെലുത്തുന്ന ശിരോരോമങ്ങളുടെ നിഷിദ്ധമാക്കപ്പെട്ട രീതികളുടെ അനുകരണത്തിന് പാത്രമാക്കുന്നതിനാലുമത്രെ.(ഫതാവ –അൽ മർഅതുൽ മുസ്ലിമ:. 2/516,567)

## 2. മുഖരോമങ്ങൾ നീക്കം ചെയ്യൽ.

ശൈഖ് മുഹമ്മദ് അൽ സ്വാലീഹ് ഇബ്നു ഉസൈമീൻ പറയുന്നു: അസാധാരണമായി കാണപ്പെടുന്ന രോമങ്ങൾ, കാരണം അവ സ്വാഭാവികമായി രോമങ്ങൾ കാണപ്പെടുന്ന സ്ഥലത്തല്ലാതെ വളരുകയാണങ്കിൽ, ഉദാഹരണമായി– വദനത്തിന് മുകളിൽ മീശരോമങ്ങൾ മുളയ്ക്കു ന്ന ഒരുവൾക്ക് അവ നീക്കം ചെയ്യുന്നതിൽ ഒരു തെറ്റും സംഭവിക്കുന്നില്ല. കാരണം അത് തികച്ചും അസ്വാഭാവികവും അവളുടെ പ്രത്യക്ഷ ശാരീരീക സൗന്ദര്യത്തെ പ്രതികൂലമായി ബാധിക്കുന്നതുമാണ്.

(اللجنة الدائمة للبحوث العلمية والإفتاء والدعوة والإرشاد بالمملكة العربية السعودية മതവിധികളുടെ വൈജ്ഞാനിക ഗവേഷണങ്ങള്ക്കള്ള സ്ഥിരം കൗൺസിൽ – സൗദി അറേബ്യ) – മുഖരോമ മുണ്ഡനത്തെക്കുറിച്ചുള്ള ചോദ്യത്തിന് ഇങ്ങനെ പ്രതിവചിക്കുന്നു.

ഒരു വനിതക്ക് അവളുടെ മേൽചുണ്ടുകൾക്ക് മുകളിലുള്ളതും, തുടകളിലും കക്ഷത്തിലുമുള്ളതുമായ രോമങ്ങൾ നീക്കം ചെയ്യാം. ഇവ നിരോധിക്കപ്പെട്ട പുരികകൊടികളിലെ രോമം നീക്കം ചെയ്യൽ പോലെയല്ല. (അബ്ദുൽ അസീസ് ബിൻ ബാസ്,അബ്ദുറസ്സാഖ് അഥീഫീ, അബ്ദുല്ലാ ബിൻ ഗദ്‌യാൻ–അബ്ദുല്ലാ ബിൻ ഖഊദ്) ഫതാവ അൽ ലജ്ന:– ദായിമ: 5/194–195)

സ്ഥിരം കൗൺസിലിനോടുള്ള (اللجنة الدائمة للبحوث العلمية والإفتاء.....) മറെറാരു ചോദ്യം ഇപ്രകാരമാണ്:

**ചോദ്യം.** ശരീരത്തിലെ രോമ നിവാരണം – ശിരസ്സിലെ മുടി മുറി മുറിക്കൽ – എന്നീ അനുവദനീയമാക്കപ്പെട്ട കർമ്മങ്ങൾ എങ്ങിനെ

ചെയ്യണം. ഇവക്ക് ആരുടെ സഹായം തേടാം?

അവളുടെ പുരികക്കൊടികളും തലമുടിയും ഒഴികെ അവൾക്ക് മററെല്ലാ രോമങ്ങളും നീക്കം ചെയ്യൽ അനുവദനീയമാണ്. പുരികക്കൊടികളിൽ നിന്നും അൽപമായോ പൂർണ്ണമായോ നീക്കം ചെയ്യൽ അനുവദനീയമല്ല. അവളുടെ ശരീരത്തിലെ കാണാൻ അനുവദിയ്ക്കപ്പെട്ട ഭാഗങ്ങളിലെ മുടിരോമങ്ങൾ നീക്കം ചെയ്യുന്നത് അവളുടെ ഭർത്താവിനോ, അവളുടെ മഹ്റമിനോ (വിവാഹ ബന്ധം നിഷിദ്ധമായ വ്യക്തി) മറ്റേതെങ്കിലുമൊരു സ്ത്രീക്കോ അനുവദനീയമാണ്.

(അബ്ദുൽ അസീസ് ബിൻ ബാസ്,അബ്ദുറസ്സാഖ് അഫീഫീ, അബ്ദുല്ലാ ബിൻ ഗദ്യാൻ–അബ്ദുല്ലാ ബിൻ ഖഊദ്) ഫതാവ അൽ ലജ്ന:– ദായിമ: 5/194

ശരീരത്തിലെ സ്വകാര്യ ഭാഗങ്ങളിലെ രോമം, തുടകളിലെ രോമം എന്നിവ മഹ്റമോ മറ്റൊരു സ്ത്രീയോ ദർശിക്കാൻ പാടുള്ളതല്ല. ഒരു സ്ത്രീ അവളുടെ പുരികക്കൊടികൾ ഉന്മൂലനം ചെയ്യുകയോ അതിന്റെ ഒരു ഭാഗം നിവാരണം ചെയ്യുകയോ ചെയ്യുന്നത് നിരോധിക്കപ്പെട്ടിരിക്കുന്നു. അതിനെ ഷേവ് ചെയ്തോ, മുറിച്ചു മാറ്റിയോ, പറിച്ചെടുത്തോ മറ്റേതു വിധേനയായാലും ശരി, കാരണം പ്രവാചകൻ(ﷺ)അത് ചെയ്യുന്നവരെ ശപിച്ചിരിക്കുന്നു. അത് പുരികക്കൊടികൾ പൂർണ്ണമായി പറിച്ചെടുക്കുന്നവരോ അതിൽ നിന്നൽപ്പം നീക്കി രൂപഭംഗി കൈവരുത്തുന്നവരോ അതിനായി അവളെ സഹായിക്കുന്നവരോ ആരുമാകട്ടെ അവരെല്ലാം ശാപത്തിന് വിധേയരാണ്. കാരണം അതല്ലാഹുവിന്റെ സൃഷ്ടിപ്പിൽ മാറ്റം വരുത്തലാണ്. ആദം സന്താനങ്ങളെ അത്തരം കാര്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുകയെന്നത് പിശാചിന്റെ ദൗത്യവുമാണ്.

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أَجْمَعِين .

*********